## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5027** **20-03-2025 - ൽ മറുപടിയ്ക്ക്**

## രണ്ടാം ഘട്ട ആവാസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആവാസ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതുതായി എത്ര അതിഥി തൊഴിലാളികളുടെ വിവരം കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിഥി തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ/ അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. 14/03/2025 തീയതി വരെ 3,72,088 (മൂന്ന് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി എൺപത്തിയെട്ട്) തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി പോർട്ടൽ/ അതിഥി ആപ്പ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അതിഥി തൊഴിലാളി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം സംവിധാനങ്ങളാണ് ക്രമീകരിച്ചിട്ടുള്ളതെന്നും എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും തൊഴിലാളികളുടെ രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ/ അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിനു മുമ്പ് തന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിനും ആയവരുടെ വിശദാംശങ്ങൾ ലഭ്യമാകുവാനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും ടി പോർട്ടലിലൂടെ സാധിക്കുന്നു. 2024 ഒക്ടോബർ മുതൽ അതിഥി പോർട്ടൽ മൊബൈൽ ആപ്ലിക്കേഷനായി രൂപീകരിക്കുകയും പ്ലേസ്റ്റോറിൽ ഹോസ്റ്റ് ചെയ്യുകയും, നാളിതു വരെ 3,72,088 (മൂന്ന് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി എൺപത്തിയെട്ട്) പേർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി പോർട്ടൽ മുഖേന അതിഥി തൊഴിലാളികളുടെ പേര്, മൊബൈൽ നമ്പർ, വയസ്സ്, ലിംഗം, ജോലി, മാതൃഭാഷ, മേൽവിലാസം, സംസ്ഥാനം, ജില്ല, പോലീസ് സ്റ്റേഷൻ, കേരളത്തിലെ താമസസ്ഥലത്തിന്റെ മേൽവിലാസം (ജില്ല, താലൂക്ക്, വില്ലേജ് ഉൾപ്പെടെ), ജോലി, |

| | | | |
|---|---|---|---|
| | | | ജോലിയുടെ സ്വഭാവം, ആധാർ, ആവാസ് നമ്പർ, കുടുംബ വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ പോർട്ടൽ മുഖേന ശേഖരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## അതിഥിപോർട്ടൽ/അതിഥി ആപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക്

| ക്രമ നം | സംസ്ഥാനം | എണ്ണം |
|---|---|---|
| 1. | ആൻഡമാൻ & നിക്കോബാർ ഐലന്റ്സ് | 48 |
| 2. | ആന്ധ്രാപ്രദേശ് | 980 |
| 3. | അരുണാചൽ പ്രദേശ് | 765 |
| 4. | അസാം | 65,313 |
| 5. | ബീഹാർ | 51,063 |
| 6. | ചണ്ഡീഗഡ് | 54 |
| 7. | ചത്തീസ്ഗഡ് | 2,576 |
| 8. | ഡാമൻ ഡ്യൂ | 22 |
| 9. | ദാദ്രാ നാഗർ ഹവേലി | 21 |
| 10. | ഡൽഹി | 540 |
| 11. | ഗോവ | 35 |
| 12. | ഗുജറാത്ത് | 164 |
| 13. | ഹരിയാന | 261 |
| 14. | ഹിമാചൽ പ്രദേശ് | 100 |
| 15. | ജമ്മു & കാശ്മീർ | 146 |
| 16. | ജാർഖണ്ഡ് | 30,392 |
| 17. | കർണ്ണാടക | 2183 |
| 18. | ലക്ഷദ്വീപ് | 8 |
| 19. | മധ്യപ്രദേശ് | 6,286 |
| 20. | മഹാരാഷ്ട്ര | 748 |
| 21. | മണിപ്പൂർ | 927 |
| 22. | മേഘാലയ | 574 |
| 23. | മിസോറാം | 77 |
| 24. | നാഗാലാന്റ് | 907 |
| 25. | ഒഡീഷ | 45,212 |
| 26. | പുതുച്ചേരി | 51 |
| 27. | പഞ്ചാബ് | 267 |
| 28. | രാജസ്ഥാൻ | 1,589 |

| | | |
|---|---|---|
| 29. | സിക്കിം | 72 |
| 30. | തമിഴ്നാട് | 15,763 |
| 31. | തെലുങ്കാന | 187 |
| 32. | ത്രിപുര | 1,010 |
| 33. | ഉത്തരാഖണ്ഡ് | 1,638 |
| 34. | ഉത്തർപ്രദേശ് | 18,354 |
| 35. | പശ്ചിമ ബംഗാൾ | 1,23,755 |
| **ആകെ** | | **3,72,088** |

സെക്ഷൻ ഓഫീസർ.